# അക്കാദമിക മാസ്റ്റർ പ്ലാൻ

## എ. എൽ. പി. എസ് ചെമ്മാപ്പിള്ളി

## ആമുഖം :

തൃശൂർജില്ലയിലെ തൃശൂർ താലൂക്കിലെ താന്ന്യം പഞ്ചായത്തിൽ വടുക്കുംമുറി വില്ലേജിൽ ചെമ്മാപ്പിള്ളി ദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ചെമ്മാപ്പിള്ളിയുടെ ഹൃദയഭാഗമായചെമ്മാപ്പിള്ളി സെന്ററിനോട് ചേർന്നാണ് സ്കൂൾ നിലകൊള്ളുന്നത്. 1928 ജൂൺ 8 ന് സ്കൂൾ ആദ്യമായി പ്രവർത്തനം ആരംഭിച്ചു. അന്ന് ഇവിടുത്തെ ചില അഭ്യസ്തവിദ്യരായ മുസ്ലിംങ്ങളുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായി ഒരു ഓലമേഞ്ഞ പീടികമുറിയിൽ സ്കൂൾ ആരംഭിച്ചു. അന്ന് പഠനത്തോടൊപ്പം തഴപ്പായ നെയ്ത്ത് തുടങ്ങിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും നൽകിപോന്നിരുന്നു. ആദ്യത്തെ ഹെഡ്മാസ്റ്ററായി ശ്രീ ചാത്തമ്പിൽ കൃഷ്ണമേനോൻ ചുമതലയേറ്റു. 1966 മുതൽ നാലുക്ലാസ്സുകളിലായി ഈ വിദ്യാലയം പുരോഗതി പ്രാപിച്ചു.പിന്നീട് ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ രണ്ട് ഡിവിഷനുകൾ വീതമായി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. പ്രീ-പ്രൈമറി വിഭാഗവും ഇംഗ്ലീഷ് മീഡിയവുമായി മുന്നൂറോളം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തിവരുന്നു. അറബി ഉൾപ്പെടെ പതിനാല് അദ്ധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു.

അക്കാദമിക പ്രവർത്തനങ്ങളിൽ എ.എൽ.പി.എസ് ചെമ്മാപ്പിള്ളി എപ്പോഴും മുൻപന്തിയിലാണ്. അതോടൊപ്പം തന്നെ ശാസ്ത്ര സാമൂഹ്യശാസ്ത്രമേഖലകളിലും കലാപ്രവൃത്തി പരിചമേഖലകളിലും കുട്ടികൾ അവരുടെ മികവ് പ്രകടമാക്കാറുണ്ട്. വിവിധ മത്സരപരീക്ഷകളിലും എൽ.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയിലും കുട്ടികൾ അർഹതനേടാറുണ്ട്. കുട്ടികളുടെ മാനസിക ഉല്ലാസത്തിനും ഏകാഗ്രതയ്ക്കും വേണ്ടി യോഗ, കരാത്തെ ക്ലാസുകൾ നടത്തി വരുന്നു. പരിസരബന്ധിതമായി പഠനത്തിലേർപ്പെടാൻ നല്ല ജൈവവൈവിധ്യ ഉദ്യാനവും പച്ചക്കറി പരിപാലനവും സ്കൂളിൽ ചെയ്തുപോരുന്നു.

വരുംകാലങ്ങളിൽ വിവര വിനിമയ സാങ്കേതികവിദ്യാ പഠനരീതിയാണ് ഞങ്ങളുടെ മുഖ്യ ലക്ഷ്യം. അതിനായി സ്മാർട്ട് റൂം സംവിധാനങ്ങൾ , സ്വയംപര്യാപതമായ ക്ലാസ്മുറി എന്നിവ ഞങ്ങൾ ലക്ഷ്യമാക്കുന്നു. ലൈബ്രറി ശാസ്ത്രീകരണം , ലാബ് നവീകരണം, നൂതനപഠനസാമഗ്രികൾ ഉപയോഗപ്പെടുത്തൽ, കലാകായിക പ്രവൃത്തി പരിചയ പരിശീലനക്ലാസുകൾ മത്സരപരീക്ഷയ്ക്കുള്ള പരിശീലനക്ലാസുകൾ, പൊതു വിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷണപദ്ധതികൾ,എന്നിവയും ഞങ്ങളുടെ ലക്ഷ്യങ്ങളിൽപെടുന്നു. ഇവയ്ക്ക് പുറമെ ഭൗതിക സൗകര്യങ്ങളായ വിവിധോദ്ദേശ ഹാളുകൾ , കായിക വിദ്യാഭ്യാസത്തിനാവശ്യമായ മൈതാനം, ജലസംരക്ഷണ വിതരണ സംവിധാനങ്ങൾ,ഊട്ടുപുര ,ലബോറട്ടറി സ്കൂൾ ഗ്യാലറി എന്നിവ ഞങ്ങളുടെ സ്വപ്നങ്ങളാണ്.

2025 - 26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| Community | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| General ( OBC ) | 11 | 14 | 16 | 10 | 10 | 10 | 7 | 9 |
| SC | 4 | 5 | 6 | 6 | 6 | 5 | 9 | 7 |
| Total | 15 | 19 | 22 | 16 | 16 | 15 | 16 | 16 |

2025 - 26 അക്കാദമിക വർഷത്തിലെ അദ്ധ്യാപകരുടെ എണ്ണം

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം അദ്ധ്യാപകർ | താല്ക്കാലിക നിയമനം |
|---|---|---|---|
| എൽ .പി വിഭാഗം | 9 | 8 | 1 |
| പ്രീ പ്രൈമറി വിഭാഗം | 3 | | |

**ലക്ഷ്യങ്ങൾ:-**

- എല്ലാകുട്ടികൾക്കും അതാത് ക്ലാസിനനുസരിച്ചും നിലവാരത്തിനനുസരിച്ചും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലെ ഉയർന്നശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കും.
- ന്മ സരഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കും.
- കുട്ടികളുടെ കലാകായിക പ്രവൃത്തിപരിചയ മേഖലയിലെ കഴിവുകൾ വികസിപ്പിക്കും.
- ഗണിതാശയത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുകയും ഗണിതാശയങ്ങൾ ഉറപ്പിക്കും.
- ശാസ്ത്രാഭിരുചി വളർത്തുന്നതിനായി ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.
- ലൈബ്രറി ശാക്തീകരണം.
- കമ്പ്യൂട്ടർ ലാബ് വികസനം സാധ്യമാകും.
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കും.
- ക്ലബ് പ്രവർത്തനങ്ങൾ , ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് നടപ്പിലാക്കും.
- വിദ്യാലയ അന്തരീക്ഷം ആകർഷകമാക്കും.
- നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടികളുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽകൂട്ടാക്കും.
- പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാരംഭിക്കും.
- ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്താവുന്ന ഹൈടെക് ക്ലാസ്മുറി.
- കുട്ടികളുടെ കായികക്ഷമത പരിപോഷിപ്പിക്കുന്നതിനായി കായിക പരിശീലന മൈതാനം.

## വിഷയം : മലയാളം :

### ലക്ഷ്യങ്ങൾ :

* എല്ലാ കുട്ടികൾക്കും അതാത് ക്ലാസിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ഉയർന്നശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
* ഓരോഘട്ടം പൂർത്തിയാകുമ്പഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കടക്കമുള്ള സമൂഹത്തെ അറിയിക്കും
* എല്ലാകുട്ടികൾക്കും മലയാള ഭാഷ സംസാരിക്കാനും , വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
* എല്ലാകുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക.
* കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
* സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
* ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനനുള്ള **കഴിവ് നേടും.**
* **നാല് വർഷത്തിനുള്ളിലെ സ്ക്കൂൾ വിട്ട് പുറത്തു വരുന്ന മുഴുവൻ കുട്ടികളും മലയാള ഭാഷ അനായാസം ആശയവിനിമയം നടത്തു ന്നതിന് പ്രാപ്തരാക്കും.**
* **നാല് വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടേയും സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും , വിവിധരീതിയിൽ ആവിഷ്ക്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കും.**

### ഉപലക്ഷ്യങ്ങൾ :–

* ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് സമഗ്രാസൂത്രണം , സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും
* .എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പുവരുത്തും
* .വായന പരിപോഷിപ്പിക്കുന്നതിനും വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കും.(ലൈബ്രറി ശാക്തീകരണം)
* സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവി,ഷ്ക്കാരത്തിനുമുള്ള വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കും.
* വിവിധ ക്ലാസുകളിൽ ഓരോ യൂണിറ്റിലുമുള്ള സർഗാന്മക പ്രകടനങ്ങൾക്ക് അവസരങ്ങൾ ഒരുക്കും.
* ടാലന്റ് ലാബ് എന്ന ആശയം സാക്ഷാൽക്കരിക്കും.

| | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | ചുമതല, പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് നടത്തുന്നു:<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരകാർഡ് ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>പദകാർഡ് നൽകൽ<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ<br>ചിത്രത്തിൽ നിന്ന് കഥപറയൽ<br>എഴുതൽവായനാ സാമഗ്രികൾ നിർമ്മാണം<br>വായനാ സാമഗ്രി വായിക്കൽ<br>സി.ഡിയിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>തലക്കെട്ട് നൽകൽ<br>കവിതപൂരണം<br>കടങ്കഥ, പഴഞ്ചൊല്ല് ശേഖരണം<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | 3 മാസം | പുസ്തകങ്ങങ്ങൾ<br>വായനാ കാർഡുകൾ<br>പത്രങ്ങൾ<br>_ാലമാസികകൾ<br>കളാ സാധ്യത<br>ലൈബ്രറി | അധ്യാപകർ<br>BRC<br>DIET<br>SCERT<br>PTA<br>SSG<br>IEDC<br>s{SbvÀ<br>BRC | 5000 |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായനക്കൂട്ടം രൂപികരിക്കുക.<br>വായനക്കാർഡ് വായന<br>ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>ഗ്രന്ഥശാല പ്രയോജനപ്പെടുത്തൽ<br>സഞ്ചരിക്കുന്ന വാക്യങ്ങൾ പ്രദർശനം.<br>വായനോത്സവം സംഘടിപ്പിക്കൽ– പത്രവായന, പത്ര ക്വിസ്,അമ്മ വായന | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>hിദ്യാരംഗം പരിപാടികൾ<br>ഗ്രന്ഥശാല | SCERT<br>PTA<br>SSG<br>OSA<br>DIET | |

| | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | ചുമതല, പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|
| അർത്ഥപൂർണ്ണമായ വായന | വായനാനുഭവം പങ്കുവെക്കൽ<br>കഥ പറയൽ<br>ബാലസഭ, ദിനാചരണങ്ങൾ, വിദ്യാരംഗം, കലാ സാഹിത്യം<br>പത്രവായന, ആഴ്ചപ്പതിപ്പ്, മാസികകൾ വായന<br>ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കൽ<br>ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ (പ്രായത്തിന നുസരിച്ച്)<br>ആഴ്ചയിലൊരു പുസ്തകം<br>പുസ്തകകുറിപ്പ് തയ്യാറാക്കുക്പുസ്തകത്തിലെ ആശയങ്ങളെ ആധാരമാക്കി ആവിഷ്ക്കാരങ്ങൾദിനാചരണവുമായി ബന്ധപ്പെട്ട് പുസ്തകങ്ങളുടെ വായന, ചർച്ച<br>വായനാക്കൂട്ടം , പുസ്തകങ്ങൾ, തെരഞ്ഞെടുത്ത് ഓരോ കുട്ടിയും വായിച്ച് നോട്ടെഴുതി മറ്റുള്ളവരെ കേൾപ്പിക്കൽ.<br>ഭിന്ന ശേഷിക്കാർക്കായി രണ്ട്,മൂന്ന് വാചകങ്ങൾ വരുന്ന കഥാപുസ്തകങ്ങൾ വായനക്കാർക്കായി നൽകുന്നു.<br>**വേദി പ്രവർത്തനങ്ങൾ**<br>സാഹിത്യക്കാരൻമാരുമായുള്ള സംവാദം<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>കവി പരിചയം<br>ആസ്വാദ്യകരമായ വായന<br>വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>ഇ–വായന | 1 കൊല്ലം | പത്രം<br>മാസികകൾ<br>ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല<br>സ്കൂൾ ലൈബ്രറി<br>ലൈബ്രറി<br>,,<br>ആനുകാലിക പ്രസിദ്ധികരണങ്ങൾ<br>വായനക്കാർഡ്<br>ബാല മാസികകൾ<br>ഇന്റർനെറ്റ് | ക്ലാസ് അധ്യാപിക<br>OSA<br>PTA<br>DIET<br>BRC<br>,,<br>,, | 10000 |

| | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | ചുമതല, പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടിയെ അക്ഷരതെറ്റ് കൂടാതെ എഴുതാൻ പ്രാപ്തരാക്കുന്നു. | **എഴുത്തുകൂട്ടം രൂപീകരണം**<br>Work sheet<br>അക്ഷരകാകാർഡ് , പദകാർഡ് ഉപയോഗിച്ചുള്ള എഴുത്ത്<br>ചിത്ര വായന- വാക്യങ്ങൾ എഴുതൽ ്കവിതാപൂരണം<br>പുസ്തകങ്ങൾ നൽകി വായനാക്കുറിപ്പ് തയ്യാറാക്കൽ<br>സഞ്ചരിക്കുന്ന വായനാക്കുറിപ്പ് പ്രദർശനം, വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ, ഇൻലെന്റ് മാഗസിൻ , ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>ആസ്വാദനക്കുറിപ്പ് , ബാലസഭ.<br>വ്യക്തിഗതരചന, സംഘരചന, പ്രാദേശിക സാഹിത്യകാരൻമാരുമായി അഭിമുഖം തയ്യാറാക്കൽ<br>ഭാഷാ പ്രൊജക്ട് -നാടൻശൈലികൾ, ചൊല്ലുകൾ | | ലൈബ്രറി<br>പുസ്തകങ്ങൾ<br>ICT | BRC<br>PTA<br>OSA | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തും. | **IT അധിഷ്ഠിത പാഠ്യപദ്ധതി**<br>സാഹിത്യക്കാനൻമാരുടെ ജീവചരിത്രക്കുറിപ്പുകൾ,ചിത്രങ്ങൾ, കൃതികൾ,ണ്ട്യസ വെലലമ, കഥാചാർട്ടുകൾ ,കളിപ്പെട്ടി, കവിത കേൾക്കാന അവസരം,സഞ്ചാരം,ദൃക്സാക്ഷി വിവരണം | 5 വർഷം | ICT | | 100000 |

## വിഷയം : ഇംഗ്ലീഷ്

### മുഖ്യലക്ഷ്യങ്ങൾ :

* എല്ലാ കുട്ടികൾക്കും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ഉയർന്ന ശേഷികൾ കൈ വരിച്ചു വെന്ന് ഉറപ്പാക്കും
* എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും ഇംഗ്ലീഷ് അനായാസേന കൈകാര്യം ചെയ്യാനും സാധിക്കും.
* ഇംഗ്ലീഷഫലപ്രദമാകും

### ഉപലക്ഷ്യങ്ങൾ :-

* ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് സമഗ്രാസൂത്രണം , സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാകും.
* സ്വതന്ത്രമായ എഴുത്തിന് സജ്ജരാകും.
* ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കും.
* ഇംഗ്ലീലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരങ്ങളുണ്ടാകും.
* സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തും.

| programme | Activity | Duration | ഭൗതീകം | ചുമതല, പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ | Pre test<br>Basic Studies of words, puzzles, games .<br>Usage of wiords and pronounciations<br>Picture r reading ,guess, the words<br>Punctuations and their usage,sentence making through word web.<br>Sentence cards, Sentence strips, story telling with voice modulation and guestence.<br>Expansion of story through pictures.<br>Usage of Class library<br>Usage of audios and viedos for story ,poem<br>Simple extra activities for CWSN | 2 months | Class teacher<br>BRC<br>DIET<br>SCERT<br>PTA | Books<br>ICT | 1000/- |

| Programme | Activity | Duration | ഭൗതികം | ചുമതല, പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|
| 2. സ്വതന്ത വായന | ❖Story telling, News reading<br>❖Develop the story by giving a short part.<br>❖English Assembly,thought and proverbs , Find out the noun, pronoun, verb etc by giving a stpry or passage , puzzles, Discussion about the story they have read.<br>E-reading , comprehension<br>❖Simple activities for UNSN , English club activities. | 6 months | Class teacher<br>BRC<br>DIET<br>SCERT<br>PTA | Books<br>ICT | 100000/- |
| 3. സ്വതന്ത്രമായ എഴുത്ത് | Diary writing ,writes according to given subjects .<br>Develop passages, description adding lines of poems expansion of stories. thoughts of given incidents .<br>Letter writing, comprehension<br>My own voccabulary<br>❖UNSN activities | 6 months | Class teacher<br>BRC<br>DIET<br>SCERT<br>PTA | Books<br>worksheet | 2000/- |

| Programme | Activity | Duration | ഭൗതീകം | ചുമതല, പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|
| 4. ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം ചെയ്യാൻ പ്രാപ്തരാക്കൽ<br><br>സ്വതന്ത്രമായ എഴുത്ത് | Providing extra classes for communicative English<br>Encourage to speak and greetings in day to day life, English day - in a week, interactive questions in the class and responses only in English<br>Finding news words and raising voceabularies<br>Choregraphy, Drama- Roleplay Comprehensive questions.<br>English Assembly<br>Make the situations for conversation -Passing sentences as secret and add the sentences.<br>Script writing -readers theatre meming, | 5 years | Class teacher<br>PTA<br>Experts | Books<br>CDS<br>Audio & Videos<br>I.C.T | 100000/- |

| Programme | Activity | Duration | ഭൗതീകം | ചുമതല, പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|
| 5. സാങ്കേതികവിദ്യാ സാധ്യതകൾ ഫലപ്രദമാക്കും | Roleplays , Dramas & Chrorogrephy, poems Stories , communicative lessons,worksheets , puzzles, I.C.T facilities according to the discourcses cinemas, Descriptions, Learning apps of experts . Introduce poets, writers through documentaries. | 5 വർഷം | Class teacher | Internet CD | 5000/- |

# വിഷയം : ശാസ്ത്രം

## ലക്ഷ്യം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം , ശാസ്ത്രീയ അവബോധം , ശാസ്തീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വാ.ത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
3. ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.
4. ആധുനികശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഉപലക്ഷ്യങ്ങൾ

1. ശാസ്ത്രവിഷയങ്ങളോട് ആഭിമുഖ്യം ഉള്ളവരാക്കി മാറ്റുക
2. ശാസ്ത്രതത്വങ്ങൾ ലളിതമായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുക.
3. ശാസ്ത്രപഠനം ലളിതമാക്കുകയും അന്വേഷണത്വര വർദ്ധിപ്പിക്കുകയും ചെയ്യും.
4. ശാസ്ത്രക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തും.
5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗിച്ച് ശാസ്ത്രപഠനം ലളിതമാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക | ഗവേഷണസ്ഥാപനങ്ങൾ സാമ്പത്തിക ശാസ്ത്രകഥകൾ അവതരിപ്പിക്കൽ , ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിക്കൽ,കുറിപ്പുകൾ സംഘടിപ്പിക്കൽ, പഠനയാത്രകൾ സംഘടിപ്പിക്കൽ, നിരീക്ഷണ സാധ്യതകൾ , വിസ്മയചുമർ. | 5 മാസം | Books<br>ICT<br>പ്രാദേശിക വിദഗ്ധർ | അധ്യാപകർ<br>BRC<br>PTA | 8000 |
| 2. ശാസ്ത്രതത്വങ്ങൾ ലളിതമായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കും. | ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ,ക്ലാസിൽ ഒരു പരീക്ഷണമൂല,ജൈവ വൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ, എല്ലാദിവസവും ഒരു ലഘു പരീക്ഷമെങ്കിലും തയ്യാറാക്കും. ശാസ്ത്ര വസ്തുക്കൾ ശേഖരിക്കും. | 10 മാസം | പരീക്ഷണവസ്തുക്കൾ<br>Internet | Teachers<br>BRC<br>ICT | 10,000 |
| 3. ശാസ്ത്രപഠനം ലളിതമാക്കുകയും അന്വേക്ഷണത്വര വർദ്ധിപ്പിക്കുകയും ചെയ്യും. | ശാസ്ത്രമാസികകൾ വായിപ്പിക്കൽ, ശാസ്ത്ര നാടകങ്ങൾ അവതരിപ്പിക്കൽ, പരിസരനിരീക്ഷണം-വിവിധ ആവാസ വ്യവസ്ഥ ജൈവ വൈവിധ്യ ഉദ്യാനം, പ്രകൃതി നടത്തം, പതിപ്പുകൾ തയ്യാറാക്കൽ ആൽബങ്ങൾ തയ്യാറാക്കൽ, ശാസ്ത്രസംബന്ധമായ വസ്തുക്കൾ ശേഖരിക്കൽ. | 2 വർഷം | | PTA<br>BRC<br>DIET | 20,000 |
| 4. ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ നടത്തും | വ്യക്തിശുചിത്വം, പരിസരശുചിത്വം, പച്ചക്കറിത്തോട്ട പരിപാലനം, ശാസ്ത്രപുസ്തകങ്ങൾ ശേഖരിക്കൽ, ശാസ്ത്രോപകരണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രലാബ് സജ്ജ | 5 വർഷം | Books<br>കൃഷിഭവൻ | PTA<br>OSA<br>SSG<br>DIET<br>BRC | 1,00,000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 5. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഉപയോഗിച്ച് ശാസ്ത്രപഠനം ലളിതമാക്കുന്നു. | ശാസ്ത്രപഠനത്തിനായി സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. സ്ലൈഡുകൾ തയ്യാറാക്കുന്നു. ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, വർക്ക് ഷീറ്റുകൾ , ഡോക്യുമെന്ററികൾ. | 5 വർഷം | PTA<br>OSA<br>MLA<br>MP | Computerlab | 1,50,000/- |

## വിഷയം : സാമൂഹ്യശാസ്ത്രം

### ലക്ഷ്യങ്ങൾ

1. ദേശീയബോധം വളർത്തും
2. നാടിന്റെ സാംസ്കാരിക പൈതൃകത്തെ കുറിച്ച് അവബോധം ഉണ്ടാക്കും.
3. നാടിന്റെ സാമൂഹ്യ പരിസരത്തെ ക്കുറിച്ചുള്ള ധാരണ വളർത്തും.
4. സാമൂഹ്യശാസ്ത്രപഠനത്തിൽ ആധുനിക വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ.

### ഉപലക്ഷ്യങ്ങൾ

1. സ്വന്തം രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ച് ധാരണ വളർത്തും.
2. കലയും ആഘോഷവും സംസ്കാരത്തിന്റെ പ്രതിഫലനങ്ങളാണെന്ന ധാരണ
3. പ്രാദേശിക വിഭവ ഭൂപട നിർമ്മാണത്തിന് ഊന്നൽ നൽകും .
4. വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ എന്ന ധാരണ കുട്ടികളിൽ ഉണ്ടാക്കി യെടുക്കും.
5. സാങ്കേതിക വിദ്യാസാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. ദേശീയ ബോധം വളർത്തും. | ഇന്ത്യയുടെ ദേശീയ ചിഹ്നങ്ങൾ ദേശീയയ നേതാക്കൾ, ഭാഷകൾ,കലകൾ,ആഘോഷങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു. കുറിപ്പ് :സ്വാതന്ത്ര്യ സമരചരിത്രം, പതാക നിർമ്മാണം, ദേശിയഗാനം, ദേശീയഗീതം തിരിച്ചറിയുന്നു. ആദരിക്കുന്നു. കളംസാധ്യതകൾ പ്രയോജനപ്പെടുത്തി ചരിത്രസംഭവങ്ങൾ പരിചയപ്പെടുത്തുന്നു, സ്വാതന്ത്ര്യ സമരസേനാനികകളുടെ ത്യാഗങ്ങൾ തിരിച്ചറിഞ്ഞ് ജീവിതത്തിൽ പകർത്തുന്നു. ദേശീയഗാനം, ദേശീയഗീതം തിരിച്ചറിയുന്നു, ആദരിക്കുന്നു. | 1 വർഷം | Books<br>ICT<br>മുതിർന്ന പൗരൻമാർ, സ്വാതന്ത്ര്യസമര സേനാനികൾ. | Class teachers<br>BRC<br>DIET | 2000/- |
| 2. സാംസ്കാരിക പൈതൃകത്തെ ക്കുറിച്ചുള്ള അവബോധം വളർത്തും | പ്രാദേശിക കലകൾ, ആഘോഷങ്ങൾ പരിചയപ്പെടുത്തൽ, കലകളെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ, അന്വേഷിച്ചറിയിൽ, പ്രൊജക്ട് ,കുറിപ്പ്, അഭിമുഖങ്ങൾ, പഠനക്ലാസ് | 6 മാസം | Books<br>ICT<br>മുതിർന്ന പൗരൻമാർ, കലാ വിദഗ്ദർ | Class teachers<br>BRC<br>DIET | 4,000/- |
| 3. പ്രാദേശിക വിഭവ ഭൂപട നിർമ്മാണത്തിന് ഊന്നൽ നൽകും. | പഞ്ചായത്ത്, ജില്ലാ മാപ്പുകൾ തയ്യാറാക്കുന്നു. ദിക്കുകൾ തിരിച്ചറിയുന്നു. (ഭൂപട വായന) പ്രസിദ്ധമായ സ്ഥലങ്ങൾ ,കലകൾ, കടൽത്തീരം, വനങ്ങൾ, പുഴകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, വ്യവസായശാലകൾ,ഖനികൾ...... | 6 മാസം | Books<br>Maps<br>Internet | Class teachers<br>BRC<br>DIET | 5,000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 4. പൊതു സ്ഥാപനങ്ങൾ സംരക്ഷിക്കേണ്ടതാണെന്ന ബോധം വളർത്തും. | കളം പ്രവർത്തനങ്ങൾ<br>പൊതുസ്ഥാപനങ്ങളും ശരിപാതു ഇടങ്ങളും തിരിച്ചറിയുന്നു,പ്രവർത്തമരീതികൾ മനസ്സിലാക്കുന്നു. പഠനയാത്ര,കുറിപ്പ് , ചിത്രങ്ങൾ ശേഖരിക്കൽ.കളം പ്രവർത്തനങ്ങൾ, വ്യകതി കളുമായുള്ള അഭിമുഖം,പഠനക്ലാസ് | 3 മാസം | ചിത്രങ്ങൾ<br>Books | Teachers<br>PTA<br>പൊതുസ്ഥാപനങ്ങളുമായി ബന്ധമുള്ളവർ<br>Internet | 2000/- |
| 5.വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ എന്ന ധാരണ കുട്ടികളിൽ ഉണ്ടാക്കിയെടുക്കും. | വ്യത്യസ്ത ഭാഷ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വസ്ത്രധാരണരീതി, ആഘോഷങ്ങൾ, മതാനുഷ്ഠാനങ്ങൾ തിരിച്ചറിയുന്നു.<br>കളം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | 3 മാസം | CD<br>Internet<br>Pictures<br>Books | Teachers<br>DIET<br>BRC | 2,000/- |
| 6. സാങ്കേതികവിദ്യാ സാധ്യതകൽ സാമൂഹ്യശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തും. | സ്ലൈഡുകൾ തയ്യാറാക്കുന്നു. ഭാരതം വൈവിധ്യങ്ങളുടെ നാട്,കലകൾ, ആഘോഷങ്ങൾ, ചരിത്ര സ്മാരകങ്ങൾ, ഡോക്യുമെന്ററികൾ, വർക്ക്ഷീറ്റുകൾ, . ... . സമര സേനാനികളുടെ അഭിമുഖം | 8 മാസം | Computer<br>Internet<br>projector | Teachers<br>DIET<br>BRC<br>പ്രധാന വ്യക്തികൾ | 5,000/- |

**വിഷയം : ഗണിതം**

**ലക്ഷ്യങ്ങൾ :**

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
* ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

**ഉപലക്ഷ്യങ്ങൾ :-**

* ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് സമഗ്രാസൂത്രണം , സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
* ഗണിതാശയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കും.
* ചതുഷ്ക്രിയകൾ ഉറപ്പിക്കും.
* പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാപ്തരാക്കുന്നു.
* ഓരോ പ്രായത്തിലും യൂണിറ്റുമായി ബന്ധപ്പെട്ടു വരുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പുവരുത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഗണിതാശയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീടെസ്റ്റ് . സംഖ്യാബോധം ഉറപ്പിക്കൽ,കൂട്ടങ്ങളാക്കൽ, സംഖ്യാ റിബർ, അക്കകാർഡുകൾ , സ്ഥാനവില പോക്കറ്റ്, അബാക്കസ്, സംഖ്യകൾ രൂപീകരിക്കൽ, സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ. അബാക്കസ് പ്രവർത്തനങ്ങൾ | 2 മാസം | അബാക്കസ് കാർഡുകൾ സ്ഥാനവില പോക്കറ്റ് | ക്ലാസ് അധ്യാപകർ BRC SCERT DIET | 3000/- |
| 2. ചതുഷ്ക്രീയകൾ ഉറപ്പിക്കൽ | ഓൺലൈൻ കളികൾ, വിവിധതരം കളികൾ, മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള സങ്കലനം, വ്യവകലനം, ഗുണനം,ഡൈസേകളികൾ, മാന്ത്രികചതുരം . ജഹമ്യശിഴ ണമ്യ(എീ്യ ൗഹ ശേുഹശരമശേീ മേയഹല) | 6 മാസം | ICT സാധ്യത | Teachers | 2000/- |
| 3. ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു. വിസ്തീർണ്ണം, ചുറ്റളവ് മനസ്സിലാക്കുന്നു. | രൂപങ്ങൾ വരയ്ക്കൽ, കാർബോഡിൽ, രൂപങ്ങൾ നിർമ്മിക്കൽ, അളക്കൽ, വശങ്ങളുടെ എണ്ണം, വിസ്തീർണ്ണം, ചുറ്റളവ് തിരിച്ചറിയൽ, മനസ്സിലാക്കൽ, ചുറ്റുപാടുമുള്ള വസ്തുക്കളിലെ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ. നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ, ത്രിമാനരൂപങ്ങൾ നിർമിക്കൽ | | ICT സാധ്യത സ്ഥാനവില പോക്കറ്റ് | BRC | |
| 4. നീളം, ഉള്ളളവ്,ഭാരം എന്നിവ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ | ക്ലാസ് മുറിയിലെ വസ്തുക്കൾ, സ്ക്കൂൾ പരിസരം, വീട്ടുസാമഗ്രികൾ അളന്ന് തിട്ടപ്പെടുത്തൽ, അളവുപാത്രങ്ങൾ പരിചയപ്പെടുത്തൽ,ദ്രാവക വസ്തുക്കൾ അളക്കൽ, ഉള്ളളവ് കണ്ടെത്തൽ, വിവിധ വസ്തുക്കളുടെ ഭാരം അളക്കൽ,കളിപ്പെട്ടി പ്രവർത്തനങ്ങൾ. | 1 വർഷം | Scale പാത്രങ്ങൾ, ത്രാസ് | Teachers BRC | 3000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 5. സമയം, കാലയളവ്, എന്നിവ മനസ്സിലാക്കുന്നു. പ്രായാഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | ക്ലോക്ക് പരിചയപ്പെടുത്തൽ, ക്ലോക്ക് നിർമ്മാണം സെക്കന്റ്,മിനിറ്റ്,മണിക്കൂർ തിരിച്ചറിയുന്നു. കളിപ്പെട്ടി പ്രവർത്തനങ്ങൾ. നിത്യജീവിതവുമായി ബന്ധിപ്പിച്ച പഠനപ്രവർത്തനങ്ങൾ . കലണ്ടർ നിർമ്മാണം, വായന, പാറ്റേണുകൾ, വ്യത്യത വർഷങ്ങൾ തിരിച്ചറിയൽ. | 1 വർഷം | Clock calender ICT | Teachers BRC | 2000/- |
| 6. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ്. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു. ഗണിതോത്സവം സംഘടിപ്പിക്കൽ. ഒറിഗാമി, ഠമി ഴ്യമാ പ്രവർത്തനങ്ങൾ . | 1 വർഷം | ഗണിത കിറ്റ് Tangram papers ICT | ഗണിത ക്ലബ്ബ് ക്ലാസ് അധ്യാപകർ BRC DIET | 4000/- |
| 7. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ. ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | കളിപ്പെട്ടി പ്രവർത്തനങ്ങൾ. ഒറിഗാമി ,ഠമിഴ്യമാ പ്രവർത്തനങ്ങൾ ഭിന്ന ശേഷിക്കാർക്കായി 10 ൽ താഴെയുള്ള സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന നങ്ങൾ നൽകുന്നു. | 1 വർഷം | Computer ഗണിത ചുമർ കളും സാധ്യതകൾ | Teachers | 5000/- |

# പ്രവൃത്തി പരിചയം

**ലക്ഷ്യം**

നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

ഇതര വിഷയ പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കാം.

വിവിധ കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിലൂടെ വിവിധ തൊഴിലുകളോട് ആഭിമുഖ്യം വർധിപ്പിക്കുന്നു..

സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തും

**ഉപലക്ഷ്യം**

പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉത്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

നാട്ടിലുള്ള വൈവിധ്യത്തെ കുട്ടികളുടെ സർഗവികസനത്തിൽ പ്രയോജനപ്പെടുത്തും.

നൂതന സാങ്കേതിക സാധ്യതകൾ പരിചയപ്പെടാൻ

നൂതന സാങ്കേതിക സാധ്യതകൾ പരിചയപ്പെടാൻ കളം യെ പ്രയോജനപ്പെടുത്തും.

ദിനാഘോഷങ്ങൾ ക്ലാസ്സ് പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നു.

| Progrramme | Activities | Duration | ചുമതല/പിന്തുണ | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| നാട്ടിലുള്ള വൈവധ്യത്തെ കുട്ടികളുടെ സർഗവികസനത്തിൽ പ്രയോജനപ്പെടുത്തും. | പാഴ്‌വസ്തുക്കൾകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാം. പാഴ് വസ്തുക്കൾ ശേഖരണം, പേപ്പർ, ചകിരി, ചിരട്ട, പ്ലാസ്റ്റിക് കുപ്പികൾ, ഓല, തുടങ്ങിയ ഉത്പന്നങ്ങൾ | 6 മാസം | PTA<br>അദ്ധ്യാപകൻ<br>ICT | പാഴ് വസ്തുക്കൾ | 2000<br>4000 |
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുടികളിലും വികസിപ്പിക്കുക. | പ്രാവീണ്യം നേടിയ പ്രവൃത്തികളുടെ കീഴിലുള്ള പരിശീലനങ്ങൾ നടത്തും.<br>പാഴ് വസ്തുക്കൾകൊണ്ടുണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാനുള്ള അവസരം ഒരുക്കണം. | 1 കൊല്ലം | വിദഗ്ദ പരിശീലനം നേടിയവർ<br>BRC | പ്രാദേശിക വിദഗ്ദൻ | |
| അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണത്തിലൂടെ കുട്ടികളുടെ സർഗവികാസത്തെ പ്രയോജനപ്പെടുത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഒരു വസ്തുനിർമ്മാണം ക്ലാസ്സുകളിൽ സംഘടിപ്പിക്കണം. പാവനിർമ്മാണം, ചിരട്ട, ചകിരി, ഓല, പേപ്പർ എന്നിവ ഉപയോഗിച്ചുള്ള കൗതുക വസ്തുകൾ നിർമമ്മിക്കും<br>സ്കൂളിനു സമീപത്തെ പ്രാവീണ്യം നേടിയ വ്യക്തികളുടെ സഹായം പ്രയോജനപ്പെടുത്തും, നിർമ്മാണ കേന്ദ്രങ്ങൾ സന്ദർശിക്കും, ശില്പശാല സങ്കടിപ്പിക്കും. മറ്റു സ്ഥലങ്ങളിലെ പ്രദർശനങ്ങൾ കാണാൻ അവസരം ഒരുക്കും. | 4 മാസം<br>1കൊല്ലം | ICT<br>ക്ലാസ്സദ്ധ്യാപിക പി.ടി.എ. വിതഗ്ദർ, വിദഗ്ദ പരിശീലനം നേടിയവർ<br>BRC<br>അദ്ധ്യാപകർ | പരിശീലന പുസ്തകങ്ങൾ<br>PTA | 2000 |
| പഠനോപകരണങ്ങളോ പ്രയോജനകരമായ ഉത്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക. | മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി, ചോക്ക്, കളിമണ്ണ്, മരപ്പണി, മുത്ത്, കുട, പൂക്കൾ നിർമ്മാണം, കയർ, ചവിട്ടി- പരിശീലന ക്ലാസ്സ് കടലാസും കാർഡ്ബോർഡും ഉപയോഗിച്ച് ഫയൽ എൻവലപ്പ്, പേപ്പർബാഗ്, കടലാസുപൂക്കൾ എന്നിവ നിർമ്മിക്കാം. | 4 മാസം | ക്ലാസ്സ് അദ്ധ്യാപിക<br>BRC<br>{പതിഭാക്ലാസ്സുകൾ | അസംസ്കൃത വസ്തുക്കൾ വിദഗ്ത രുടെ സേവനം | 5000 |

PTA

| Progrramme | Activities | Duration | ചുമതല/പിന്തുണ | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| | തുണിയിൽ ചിത്രതുന്നൽ, പെയിന്റിംഗ്, .... കസിൽ പ്രിന്റിംഗ്, എന്നിവ നടത്തും. | 3 മാസം | PTA | | 4000 |
| | മുത്തുകൾ ഉപയോഗിച്ച് അലങ്കാരവസ്തുക്കൾ, മാല, കമ്മൽ, വള, എന്നിവയുടെ നിർമ്മാണം | | അദ്ധ്യാപകർ | വിദഗ്ദ്ധരുടെ സേവനം | |
| ഇതര പഠന വിഷയവുമായി പ്രവൃത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കാം. | ഓരോ ക്ലാസിലേയും വിഷയാടിസ്ഥാനത്തിൽ പഠനോപകരണവുമായി ബന്ധപ്പെടുത്തി ഓരോ ദിവസം ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തും. പേപ്പർ കട്ടിംഗ്സുകൊണ്ടുള്ള കൊളാഷുകൾ. ( ബലൂൺ, പൂമ്പാറ്റ, പട്ടം, വീട്, കലണ്ടർ, കിളികൾ, എന്നിവയുടെ നിർമ്മാണം) ക്ലബ് പ്രവർത്തനങ്ങൾ കളം | 10 മാസം | ICT | പരിശീലന പുസ്തകങ്ങൾ | 2500 |
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തും | സാധ്യതകൾ പ്രയോജനപ്പെടുത്തും. (ഒറിഗാമി, പാഴ് വസ്തുക്കളുടെ നിർമ്മാണം, വീഡിയോസ് കാണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും. വിദഗ്ദൻമാരുടെ വീഡിയോ പ്രദർശനം പാഴ്വസ്തുക്കൾ ഉപയോഗയോഗ്യമാക്കത്തക്ക വീഡിയോകൾ | 5കൊല്ലം | ക്ലാസ്സദ്ധ്യാപിക പി.ടി.എ. വിതഗ്ദർ, വിദഗ്ദ പരിശീലനം നേടിയവർ ആഞ്ഞജ അദ്ധ്യാപകർ | PTA<br>വിദഗ്ദ്ധരുടെ സേവനം | 1500 |
| പ്രവൃത്തി പരിചയ പഠനത്തിലൂടെ വിവിധ തൊഴിലുകളോട് ആഭിമുഖ്യം വർധിപ്പിക്കും | നിർമ്മാണകളരികൾ സംഘടിപ്പിക്കും. ചന്ദനത്തിരി, മെഴുകുതിരി, കുട, ചോക്ക്, മരപ്പണി, ഓലകൊണ്ടുള്ള ഉൽപ്പന്നങ്ങൾ, പേപ്പർബാഗ്, സോപ്പുനിർമ്മാണം. | 5കൊല്ലം | വിദഗ്ധഅദ്ധ്യാപകർ<br>BRC | പ്രാദേശിക വിദഗ്ദർ | 50,000 |

വിഷയം : കല

**മുഖ്യലക്ഷ്യങ്ങൾ**

കലാവിദ്യാഭ്യാസത്തിന് അനുഗുണമായ സൗകര്യങ്ങൾ സൃഷ്ടിക്കും. ഇതിന് ആവശ്യമായ പിന്തുണ വിദ്യാലയത്തിൽ കൈവരുത്തും.

കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കും. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തും.

**ഉപലക്ഷ്യങ്ങൾ**

പാഠഭാഗവുമായി ബന്ധപ്പെട്ട സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം എന്നിവയിൽ കലാപ്രവർത്തനങ്ങൾ ഉൾപ്പെടുത്തും.

ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കും.

പാഠഭാഗവുമായി വരുന്നതും അല്ലാത്തതുമായ സർഗാത്മക കഴിവുകൾ വളർത്താനുതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കും.

എല്ലാ കുട്ടികളിലും കലാഭിരുചി വളർത്തിയെടുക്കും.

സാങ്കേതിക വിദ്യാ സാധ്യതകൾ കലാപഠനത്തിന് പ്രയോജനപ്പെടുത്തും.

| | Progrramme | Activities | Duration | ചുമതല/പിന്തുണ | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികൾക്കും കലാവിദ്യാഭ്യാസത്തിന് അനുഗുണമായ സൗകര്യങ്ങൾ സൃഷ്ടിക്കും. | ചിത്രരചനാ പരിശീലനം, എംബ്രോയ്ഡറി പരിശീലനം, പെയിന്റിംഗ്, നാട്ടരങ്ങ്, പാട്ട്, നൃത്ത പരിശീലനം | 2 വർഷം | Teachers<br>PTA<br>MPTA<br>BRC | ICT<br>CD | 5000 |
| 2 | കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തും. | ബാലസഭ, മിന്നുംതാരം, വിദ്യാരംഗം, ആകാശവാണി, പഠനക്യാമ്പ്, സഹവാസ ക്യാമ്പ് | 3 വർഷം | Teachers | ICT | 5000 |
| 3 | എല്ലാ കുട്ടികളിലും കലാഭിരുചി വളർത്തിയെടുക്കും. | കലാമേള സംഘടിപ്പിക്കൽ, ഫോണിംഗ് പരിപാടി, കലാപഠനക്ലാസ്, ചിത്രരചനാക്ലാസ്സ്, പാട്ട്ക്ലാസ്സ്, ശിൽപശാല, പഠനക്യാമ്പ്, ആർട്ട് ഗ്യാലറി, കലാമണ്ഡല സന്ദർശനം, പരിചയപ്പെടൽ. | 5 വർഷം | Dance Teachers | ICT<br>CD | 50,000 |
| 4 | കലാപഠനത്തിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തും. | കളിപ്പെട്ടി പ്രവർത്തനങ്ങൾ, ചിത്രങ്ങൾ കാണിക്കൽ, കരാട്ടെ, വീഡിയോ പരിശീലനക്ലാസ്സുകൾ, അഭിമുഖങ്ങൾ, കലകളുടെ വിവിധ സാധ്യതകൾ കാണിക്കൽ | 5 വർഷം | Teachers<br>ICT<br>CD<br>PTA<br>BRC | ICT<br>CD | 15,000 |

## Teachers

**വിഷയം :** ഐ. സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

**ലക്ഷ്യങ്ങൾ**

വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തും. അവ ഉപയോഗിച്ച് അറിവു നിർമ്മാണ പ്രക്രിയയിൽ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തും

കമ്പ്യൂട്ടർ പഠനത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തും

വിവരങ്ങൾ ഇന്റർനെറ്റ് വഴി ശേഖരിക്കാനുള്ള കഴിവ് വളർത്തും.

സമാർട്ട് ക്ലാസ്സ് റൂം

**ഉപലക്ഷ്യം**

കുട്ടികൾക്കും ടീച്ചർമാർക്കും കമ്പ്യൂട്ടർ പരിചയം ഉറപ്പു വരുത്തണം.

ടൈപ്പിംഗ് ഇന്റർനെറ്റ് എടുക്കൽ, ഫോൾഡർ നിർമാണം, എന്നിവയെല്ലാം എങ്ങിനെയെന്നറിയണം

സോഷ്യൽ മീഡിയ സാധ്യതകൾ പരിചയപ്പെടണം

ആനിമേഷൻ സാധ്യതകൾ കുട്ടികൾ അറിയുന്നു.

ഓരോ വിഷയ മേഖലകളിലേയും ഇ സാധ്യതയെ എങ്ങനെ പ്രയോജനപ്പെടുത്തണം എന്ന അന്വേഷണ ചിന്ത ഉയർത്തുന്നു

| Progrramme | Activities | Duration | ചുമതല/പിന്തുണ | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തും. അവ ഉപയോഗിച്ച് അറിവു നിർമ്മാണ പ്രക്രിയയിൽ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തും. | കറന്റ് വാർത്തകളും, വിവരങ്ങളും, അറിയാനുള്ള സാഹചര്യങ്ങൾ ഒരുക്കും. ഉദാ: റേഡിയോ, സ്മാർട്ട് ഫോണുകൾ, പത്രം, ടി.വി, ഇന്റർനെറ്റ്. | 6 മാസം | Teachers<br>BRC<br>DIBT | Radio<br>T.V.<br>Computer | 5000 |
| സമാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കും | നിർമ്മാണഘട്ടങ്ങളിലൂടെയുള്ള നവീകരണം | 4 വർഷം | PTA<br>Teachers<br>ജനപ്രതിനിധികൾ | LCD Projecter<br>Computer,Laptop<br>Table, Chair<br>Lights,Speaker | 10. Lakh |
| ടൈപ്പിംഗ്, ഇന്റർനെറ്റ്, ഫോൾഡർ മിർമ്മാണം എന്നിവ എങ്ങനെയെന്ന് ബോധ്യപ്പെടുത്തും. | പാഠഭാഗവുമായി ബന്ധമുള്ള പാരഗ്രാഫുകൾ ടൈപ്പ് ചെയ്ത് സോൾവ് ചെയ്യാൻ അവസരങ്ങൾ നൽകും. ഇതിലൂടെ അക്ഷരങ്ങൾ ബോൾഡ് ആക്കാനും അണ്ടർലൈൻ ചെയ്യാനും, ഇറ്റാലിക്, സൈസ്, നിറം, അക്ഷരമാതൃക എന്നിവ ഉറപ്പിക്കുന്നു | 3 മാസം | PTA<br>Teachers | | |
| ആനിമേഷൻ സാധ്യതകൾ കുട്ടികളിൽ എത്തിക്കും. | വിദഗ്തരുടെ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കും. സ്ലൈഡ് ഷോസ് നിർമ്മാണം കുട്ടികളെ പരിചയപ്പെടുത്തും | 1 വർഷം | വിദഗ്ധ അദ്ധ്യാപകർ, | Computer<br>LCD Projector, Keyboard<br>mouse | |
| നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പരിചയം ഉറപ്പു വരുത്തും | പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കും, കളിപ്പെട്ടി ഉപയോഗപ്പെടുത്തും, വിവിധ ഗെയിമുകൾ ചെയ്യാൻ അവസരം ഒരുക്കും. മത്സരങ്ങൾ സംഘടിപ്പിക്കും. | 3 മാസം | PTA<br>Teachers | Internet,<br>Computer | |
| ഇ വായനകൾ നടത്തും | വിഷയാടിസ്ഥാനത്തിലുള്ള ഇ വായനകൾക്ക് അവസരം ഉണ്ടാക്കും. ഗ്രൂപ്പടിസ്ഥാനത്തിൽ വിവിധ പ്രൊജക്റ്റുകൾ നൽകും. | 3 മാസം | Teachers | Internet,<br>Computer | |

## വിഷയം : ജൈവ വൈവിധ്യ ഉദ്യാനം(1)

### ലക്ഷ്യം

1. കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് അനുഗുണമായ പഠന പരിസരവും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കുക
2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുയോജ്യമായ ഭൗതികാന്തരീഷം സൃഷ്ടിക്കും.

### ഉപലക്ഷ്യങ്ങൾ

1. സുന്ദരവും സുരക്ഷിതവുമായ ഔതികാന്തരീക്ഷം സൃഷ്ടിക്കും.
2. സമൂഹത്തിന്റെ മാറുരുന്ന സൗന്ദര്യ ബോധം പ്രതിഫലിപ്പിക്കുന്ന സ്കൂൾ എന്ന ധാരണ ഉറപ്പുവരുത്തും.
3. ശുചിത്വപൂർണവും ആരോഗ്യകരവും ഹരിതാഭവുമായ വിദ്യാലയാന്തരീക്ഷം
4. ശാസ്ത്രക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തും.
5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗിച്ച് ശാസ്ത്രപഠനം ലളിതമാക്കുന്നു.

| Programme | Activity | Duration | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കും. | ആകർഷകമായ സ്കൂൾ കെട്ടിടം , ജൈവ വൈവിധ്യ പാർക്ക്, നക്ഷത്രവനങ്ങൾ, ഔഷധ സസ്യങ്ങൾ, ശലഭോദ്യാനം , ജൈവവേലി, ജൈവ പച്ചക്കറിത്തോട്ടം, ആമ്പൽക്കുളങ്ങൾ, ചെറുവനങ്ങൾ. | 5 വർഷം | PTA അധ്യാപകർ OSA കൃഷിഭവൻ | കാർഷിക ഉപകരണങ്ങൾ | 1,00,000/- |
| 2. സമൂഹത്തിന്റെ മാറി വരുന്ന സൗന്ദര്യബോധം പ്രതിഫലിക്കുന്ന സ്കൂൾ എന്ന ധാരണ ഉറപ്പുവരുത്തും. | പൂന്തോട്ടം,കുട്ടികളുടെ പാർക്ക്, പ്രവേശനകവാടങ്ങൾ മികച്ചതാക്കൽ, വെള്ളം സംഭരിക്കാനുള്ള സൗകര്യമൊരുക്കൽ, ചെറുകുളങ്ങൾ, ജലജീവികൾ എന്നിവ ഒരുക്കൽ, മരങ്ങൾക്ക് ചുറ്റും ഇരിപ്പിടങ്ങൾ ,റാംപുകൾ. | 5 വർഷം | PTA അധ്യാപകർ കാർഷിക ക്ലബ്ബ് അംഗങ്ങൾ OSA | ജൈവ വൈവിധ്യ സമ്പത്ത് കാർഷിക ഉപകരണങ്ങൾ | 3,00,000/- |

| Programme | Activity | Duration | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 5. ശുചിത്വപൂർണ്ണവും ആരോഗ്യകരവും ഹരിതാഭവുമായ വിദ്യാലയാന്തരീക്ഷം | മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കൽ, കംപോസ്റ്റിംഗ് സൗകര്യങ്ങൾ, പടർന്നു നിൽക്കുന്ന വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കൽ. | 5 വർഷം | PTA അധ്യാപകർ ഹെൽത്ത് ക്ലബ് അംഗങ്ങൾ OSA | മാലിന്യ സംസ്കരണ പ്ലാന്റ്. ബയോഗ്യാസ്/ | 2,00,000/- |

## വിഷയം : ലൈബ്രറി നവീകരണം

**ലക്ഷ്യം:**

- ❖ സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കാം.
- ❖ വായനാ പരീക്ഷണത്തിനുള്ള വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കാം.

**ഉപലക്ഷ്യം :-**

- ❖ സ്കൂൾ ലൈബ്രറി ക്ലാസ് അടിസ്ഥാനത്തിൽ മാതൃകാപരമായി ക്രമീകരിക്കും.
- ❖ സ്കൂൾ ലൈബ്രറി വിഷയാടിസ്ഥാനത്തിൽ ക്രമീകരിച്ച് പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തും.
- ❖ പുസ്തക വിതരണത്തിനുള്ള സൗകര്യമൊരുക്കാം.
- ❖ സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കാം.

| Programme | Activity | Duration | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1. സ്കൂൾ ലൈബ്രറി ക്ലാസ് അടിസ്ഥാനത്തിൽ മാതൃകാപരമായി ക്രമീകരിക്കും . | ലഭ്യമായ പുസ്തകങ്ങളെ ഇനം തിരിച്ച് തരം തിരിക്കണം. എഴുത്തുകാരുടെ പേരിൽ അക്ഷരമാല ക്രമീകരിക്കുന്നു.<br><br>ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. | 2 മാസം (ഏപ്രിൽ, മെയ്)<br><br>2 മാസം | BRC<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>അധ്യാപകർ<br>PTA | അധ്യാപകർ , തിരഞ്ഞെടുത്ത ജാഗ്രതാംഗങ്ങൾ<br>ഏതാനും കുട്ടികൾ<br>BRC<br>PTA | 20,000/- |
| 2. സ്കൂൾ ലൈബ്രറി വിഷയാടിസ്ഥാനത്തിൽ ക്രമീകരിച്ച് പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തും. | വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിനും വേണ്ട റിസോർസ് /റഫറൻസ്, വായനാപുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ക്ലാസടിസ്ഥാനത്തിൽ തരം തിരിച്ച് നൽകുന്നു. ക്ലാസ് ലൈബ്രറിക്ക് ചുമതല. | 2 മാസം | PTA<br>അധ്യാപകർ<br>OSA,<br>അഭ്യുദയകാംക്ഷികൾ | പുസ്തക ശേഖരണം വിഭവസമാഹരണം | |
| 3. ക്ലാസ് ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും. | ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും. ഒരു കുട്ടിക്കൊരു പുസ്തകം പദ്ധതി നടപ്പിലാക്കും. വായനാകുറിപ്പ് , വായനാമത്സരം, പുസ്തകത്തൊട്ടിൽ കൂടുതൽ പുസ്തകം വായിച്ച കുട്ടിയെ കണ്ടെത്തൽ, ബാഗ് ലൈബ്രറി എന്നിവ നടപ്പിലാക്കും. പിറന്നാളിന് പുസ്തകം പദ്ധതി. | 6 മാസം | ക്ലാസുകൾ<br>സ്ഥാപനങ്ങൾ<br>പുസ്തകങ്ങൾ<br>മറ്റു പ്രാദേശിക കൂട്ടായ്മകൾ | HM<br>അധ്യാപകർ | |

| Programme | Activity | Duration | ഭൗതികം | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 4. വായനാ പരീക്ഷണത്തിനുള്ള വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഫലപ്രദമായി നടപ്പാക്കും. | വായനാവാരത്തിൽ പുസ്തകപ്രദർശനം വായനോത്സവം ,വാ. നാക്കുറിപ്പു മത്സരം വായനാക്കുറിപ്പിന്റെ പതിപ്പു നിർമ്മാണം നടത്തുന്നു.<br>അമ്മ വായനയ്ക്ക് അവസരം നൽകുന്ന, സഞ്ചരിക്കുന്ന ലൈബ്രറി എന്നിവ നടപ്പിലാക്കും.<br>പിറന്നാളിന് പുസ്തകം പദ്ധതി. | 6 മാസം | | HM<br>അധ്യാപകർ<br>À<br>PTA<br>BRC | |

മോണിറ്ററിങ്ങ് :-

ഹെഡ്മാസ്റ്റർ എസ്. ആർ.ജി കൺവീനർ, സീനിയർ അസിസ്റ്റന്റ് ,പി.ടി.എ/ എം.പി ടി .എ പ്രതിനിധി.